പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1366 15.06.2012 ൽ മറുപടിയ്ക്ക്

## കാർഷിക സ്വയം പര്യാപ്തത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>,, സി.എഫ്. തോമസ്<br>,, തോമസ് ഉണ്ണിയാടൻ<br>,, റ്റി.യു കുരുവിള | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക സ്വയംപര്യാപ്തതയ്ക്ക് (എ) സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | 1) കേരളത്തിന്റെ ഭക്ഷ്യ സുരക്ഷ ലക്ഷ്യമാക്കി നെൽകൃഷി, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ, ധാന്യം എന്നിവയുടെ ഉൽപ്പാദന വർദ്ധനവിനായി ഒരു സംയോജിത കാർഷിക വികസന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>2) നാളീകേരത്തിന്റെ ഉൽപ്പാദനം, മൂല്യവർദ്ധന, വിപണി എന്നിവ ശക്തിപ്പെടുത്തുന്നതിനായി ഒരു സമഗ്ര നാളികേര വികസന പദ്ധതി.<br><br>3) ജൈവ കൃഷിക്കായി 10 കോടി രൂപയുടെ പദ്ധതി.<br><br>4) കൃഷി വകുപ്പിന്റെ ആനയറ, വേങ്ങേരി, എന്നീ മൊത്തവ്യാപാര വിപണികൾ അഗ്രി സൂപ്പർ മാളുകളായി ഉയർത്തുന്നതാണ്.<br><br>5) പഴം, പച്ചക്കറി, കിഴങ്ങ്, കൊക്കോ, കശുവണ്ടി, സുഗന്ധ വിളകൾ എന്നിവയ്ക്കായി ഈ വർഷം എസ്.എച്ച്.എം. വഴി വിവിധ പദ്ധതികൾ നടപ്പിലാക്കും.<br><br>6) പൈനാപ്പിൾ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 1 കോടി രൂപ ചെലവഴിച്ച് പൈനാപ്പിൾ മിഷൻ പദ്ധതി. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തിന്റെ കാർഷിക പുരോഗതിയ്ക്ക് പ്രത്യേക ഘടക പദ്ധതികൾ നടപ്പാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | കൃഷി വകുപ്പ് മുഖേന പ്രത്യേക ഘടക പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കുന്നില്ല. |
| (സി) | കാർഷിക മേഖലക്കുള്ള കൂടുതൽ പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം പുതിയ നടപടികൾ ആവിഷ്കരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | എ) ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ വിന്യാസത്തിലൂടെ കാർഷിക രംഗത്തിന് പുത്തനുണർവ് നൽകുവാൻ വേണ്ടി ഹൈടെക് കൃഷി രീതി വ്യാപകമായി പച്ചക്കറി കൃഷി മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.<br><br>ബി) കുട്ടനാട്, പാലക്കാട് മേഖലകളിലായി രണ്ട് റൈസ് ബയോ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ചെറുകിട നെൽകൃഷിക്കാരുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ഉല്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം .<br><br>സി) കേര കർഷകരുടെ രക്ഷക്കായി നാളീകേര-ബയോ പാർക്കുകൾ സ്ഥാപിക്കുന്നു. സുസ്ഥിരമായ ഉൽപ്പാദനക്ഷമതാ വർദ്ധനവ് കൈവരിക്കുവാനും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് വിപണി ഒരുക്കുന്നതിനും വേണ്ടിയാണ് ഈ സംരംഭം. |

സെക്ഷൻ ഓഫീസർ